**പതിമൂന്നാം കേരള നിയമസഭ**
**ഒൻപതാം സമ്മേളനം**
**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 2127–18/06/2013 -ലെ മറുപടിക്ക്**
**സർക്കാർ ആസ്തികളുടെ ശോഷണം**

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ . എം. ഉമ്മർ | | ശ്രീ.കെ.എം. മാണി, ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി |
| (എ) | വിവിധ കോർപ്പറേഷനുകൾ, സർക്കാർ കമ്പനികൾ, സ്വയം ഭരണ സ്ഥാപനങ്ങൾ തുടങ്ങിയവയ്ക്ക് സർക്കാർ നൽകുന്ന വായ്പകൾ ആസ്തികളായി പരിഗണിക്കാറുണ്ടോ ; | വിവിധ കോർപ്പറേഷനുകൾ, സർക്കാർ കമ്പനികൾ, സ്വയം ഭരണ സ്ഥാപനങ്ങൾ തുടങ്ങിയവയ്ക്ക് സർക്കാർ നല്കുന്ന വായ്പകൾ ആസ്തികളായി പരിഗണിക്കാറുണ്ട്. |
| (ബി) | ഉണ്ടെങ്കിൽ ഇത്തരം വായ്പകളുടെ തിരിച്ചടവിൽ ഉണ്ടാകുന്ന കുറവ് സർക്കാർ ആസ്തികളുടെ ശോഷണമാണെന്ന കാര്യം നിരീക്ഷിച്ചിട്ടുണ്ടോ ; | പൊതുമേഖലാ സ്ഥാപനങ്ങൾക്ക് സർക്കാർ നല്കുന്ന വായ്പകൾ എഴുതി തള്ളുന്ന അവസരങ്ങളിൽ മാത്രമേ അത് സർക്കാർ ആസ്തികളുടെ ശോഷണത്തിന് കാരണമാകാറുള്ളൂ. |
| (സി) | ഉണ്ടെങ്കിൽ ഇത്തരം വായ്പകളുടെ തിരിച്ചടവ് പ്രോത്സാഹിപ്പിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ? | പൊതു മേഖലാ സ്ഥാപനങ്ങൾക്ക് സർക്കാർ നല്കുന്ന വായ്പ നൽകികൊണ്ടുള്ള ഉത്തരവിൽ വായ്പാ തിരിച്ചടവിനായി പ്രത്യേക നിബന്ധനകളും, വ്യവസ്ഥകളും ഉൾപ്പെടുത്താറുണ്ട്. വായ്പാ തിരിച്ചടവ് ഉറപ്പുവരുത്തുന്നതിനായി കാലാകാലങ്ങളിൽ വകുപ്പ് തലവന്മാർക്കും, ഭരണവകുപ്പ് സെക്രട്ടറിമാർക്കുമുള്ള നിർദ്ദേശങ്ങളും ധനകാര്യ വകുപ്പ് പുറപ്പെടുവിക്കാറുണ്ട്. |

**അക്കൗണ്ട്സ് ഓഫീസർ**